പാഠം 2

# എന്ത്? എന്തൊക്കെ? എങ്ങനെ?

എലിയെ പിടിക്കാനും കടിക്കാനും തിന്നാനും പഠിച്ചുകഴിഞ്ഞതോടെ കൊച്ചുപൂച്ച വിചാരിച്ചു: എനിക്കിനിയൊന്നും പഠിക്കാനില്ല.

മണിപ്പൂച്ച....! മടിയൻപൂച്ച.

തള്ളപ്പൂച്ച ഒരു ദിവസം അവളെ മരം കയറാൻ പഠിപ്പിക്കാനൊരുങ്ങി. അതിൽ താൽപര്യമില്ലാത്ത കൊച്ചുപൂച്ച ചോദിച്ചു: ഞാൻ കയറുമ്പോൾ ചില്ലയൊടിയില്ലേ...?



ചില്ല കയറാനല്ല ഞാൻ നിന്നെ പഠിപ്പിക്കാൻ പോണത്; മരം കേറാനാ.

ഒത്തമുകളിലെത്തിയാൽ പിന്നെ എന്തു ചെയ്യണം? കൊച്ചുപൂച്ച ചോദിച്ചു.

താഴേക്കിറങ്ങണം—പുഞ്ചിരിച്ചുകൊണ്ട് തള്ളപ്പൂച്ച പറഞ്ഞു.

മുകളിലേക്കു കയറിയിട്ട് താഴേക്കുതന്നെ ഇറങ്ങുന്നത് നിൽക്കുന്നേടത്തുതന്നെ നിൽക്കുന്നതിനു സമമല്ലേ?

മരംകേറ്റം പഠിക്കാനുള്ള മടി കാരണം കൊച്ചുപൂച്ച ഇങ്ങനെ ഓരോന്നു പറഞ്ഞ് തർക്കിച്ചുനിൽക്കുമ്പോൾ എവിടെനിന്നോ പെട്ടെന്ന് ഒരു കൂറ്റൻനായ കുരച്ചുകൊണ്ട് അവരുടെ നേർക്ക് ചാടി. തള്ളപ്പൂച്ച ഉടൻതന്നെ അടുത്തുള്ള മരത്തിന്മേൽ പാഞ്ഞുകയറി രക്ഷപ്പെട്ടു.

മരണത്തെ പേടിയുള്ളതുകൊണ്ട് കൊച്ചുപൂച്ചയും അറിയാതെതന്നെ മരത്തിൻമുകളിലേക്ക് പാഞ്ഞുകയറി. മരംകേറ്റം അറിയാത്തതിനാൽ താഴെ വീഴുകയും ചെയ്തു. ഭാഗ്യമെന്നു പറയട്ടെ നായ അപ്പോഴേക്കും പൊയ്ക്കഴിഞ്ഞിരുന്നു.

നായ പോയപ്പോൾ ഇങ്ങനെയാണിറങ്ങുകയെന്ന് കൊച്ചുപൂച്ചയോട് വിളിച്ചുപറഞ്ഞുകൊണ്ട് തള്ളപ്പൂച്ച നിഷ്പ്രയാസം താഴേക്കിറങ്ങി.

കൊച്ചുപൂച്ച അത് കള്ളക്കണ്ണിട്ട് നോക്കിയതേയുള്ളൂ; തനിക്കിതൊന്നും പഠിക്കേണ്ടെന്ന ഭാവത്തിൽ. പതിവില്ലാത്തമട്ടിൽ നിശ്ശബ്ദമായി അത്താഴം



Scanned with CamScanner

കഴിച്ച് കൊച്ചുപൂച്ച വേഗം ഉറങ്ങാൻ കിടന്നു. പക്ഷേ, ഉറക്കം വന്നില്ല. അവളുടെ മനസ്സിൽ ഒരു വലിയ ചിന്ത കടന്നുകൂടിയിരിക്കുകയാണ്.

ഇന്നലത്തെ അറിവു പോരാ ഇന്ന് ജീവിക്കാൻ. കാരണം, താൻ വളരുകയാണ്. താൻ വളരുമ്പോൾ തന്റെ അറിവും വളരണം. കഴിവും വളരണം. അറിവും കഴിവും വളരാതെ ആളു വളരുന്നത് ആപത്താണ്.

ഇതൊക്കെ കൊച്ചുപൂച്ച അനുഭവത്തിൽനിന്ന് പഠിച്ചു.

അതിനാൽ അവൾ ഉറങ്ങുന്നതിനുമുമ്പ് ഒരു തീരുമാനമെടുത്തു: നന്നായി മരംകേറുന്ന വിദ്യ നാളെത്തന്നെ പഠിക്കണം. അമ്മ പഠിപ്പിക്കാനൊരുങ്ങുമ്പോൾ ദുശ്ചോദ്യം ചോദിക്കരുത്. തർക്കുത്തരം പറയരുത്. മടി കാണിക്കരുത്.

ഞാൻ എന്തു പഠിക്കണം? എങ്ങനെ പഠിക്കണം? എത്ര പഠിക്കണം? എന്ന് പഠിക്കണം? എന്നെല്ലാം എനിക്കല്ല, എന്റെ അമ്മയ്ക്കാണറിയുക എന്ന് ഞാനിന്നറിഞ്ഞു.

**കുഞ്ഞുണ്ണി**

*(കുന്നോളം വലിപ്പമുള്ള കുഞ്ഞുകഥകൾ)*



Scanned with CamScanner

## പഠനപ്രവർത്തനങ്ങൾ

**പുതിയ വാക്കുകൾ പഠിക്കാം.**

ചില്ല, തർക്കിക്കുക, നിശ്ശബ്ദം, തർക്കുത്തരം

**പര്യായം എഴുതുക.**

മരം, ചില്ല

**വിപരീതപദം എഴുതുക.**

പ്രയാസം x കയറുക x ഭാഗ്യം x നിശ്ശബ്ദം x

**പൂരിപ്പിക്കുക.**

മാതൃക: രാത്രിയിൽ കഴിക്കുന്ന ഭക്ഷണം – അത്താഴം
രാവിലെ കഴിക്കുന്ന ഭക്ഷണം – ......................

മാതൃക: എലിയും പൂച്ചയും
കീരിയും ......................
കുറുക്കനും ......................

മാതൃക: ഇന്നലെ വന്നു
ഇന്ന് ...............................
നാളയേ ..........................
നാളത്തന്നെ ..........................

**പിരിച്ചെഴുതുക.**

പഠിക്കാനില്ല –
തള്ളപ്പൂച്ച –
താഴേക്കിറങ്ങണം –

**എതിർലിംഗം എഴുതുക.**

മടിയൻ –
കള്ളി –
അവൾ –
അമ്മ –

**ഉത്തരം കണ്ടെത്തി എഴുതുക.**

1. മണിപ്പൂച്ച മടിയൻപൂച്ചയാണ്, എന്തുകൊണ്ട്?
2. അമ്മ മണിപ്പൂച്ചയെ പഠിപ്പിക്കാൻ ഉദ്ദേശിച്ച പാഠം ഏത്?
3. കൊച്ചുപൂച്ചയ്ക്ക് ഉറക്കം വരാത്തതിന് കാരണമെന്ത്?
4. അനുഭവത്തിൽനിന്ന് കൊച്ചുപൂച്ച പഠിച്ചതെന്തെല്ലാം?



Scanned with CamScanner